# Athmaraksha.org

നൊവേന

## വി.സെബസ്ത്യാനോസിന്റെ നൊവേന-St Sebastian



പ്രാരംഭ ഗാനം

(നിത്യസഹായ നാഥേ- എന്ന രീതി)

വിശുദ്ധനായ താതാ
സെബസ്ത്യാനോസ് പുണ്യാത്മാവേ
പാദതാരിലണയും
മക്കളെ കാത്തിടണേ

ക്രിസ്തുവിൻ ധീരസാക്ഷി
വിശ്വാസ സംരക്ഷകാ
പാരിന്നു മാതൃകയേ
മാദ്ധ്യസ്ഥമേകീടണേ

സുവിശേഷ ചൈതന്യത്തിൽ
നിത്യം വളർന്നീടുവാൻ
വന്ദ്യ നാം പുണ്യാതാതാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ

പ്രാരംഭ പ്രാർത്ഥന

സർവ്വനന്മകളുടെയും നിക്ഷേപമായ ദിവ്യ ഈശോയെ, അത്യന്തഭക്തിയോടും പൂർണ്ണ മനസ്സോടും കൂടെ അങ്ങയെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു. മഹത്വമുള്ള വേദസാക്ഷിയും തീക്ഷ്ണത നിറഞ്ഞ അത്മായ പ്രേഷിതനുമായ വി.സെബസ്ത്യാനോസിനെ ഞങ്ങൾക്ക് മദ്ധ്യസ്ഥനായി നൽകിയതിനെ ഓർത്ത് അങ്ങേയ്ക്ക് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നന്ദിഹീനരായ മനുഷ്യർ  അങ്ങേ അളവററ സ്നേഹത്തെ അവഗണിച്ച് അങ്ങെയ്ക്കെതിരായി തെററു ചെയ്തതിനേയും അങ്ങേ നാമത്തെ നിന്ദിക്കുന്നതിനേയും ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു. പാപികളുടെ മാനസാന്തരം ആഗ്രഹിക്കുന്ന ദിവ്യരക്ഷകാ ഇതാ ഞങ്ങൾ അങ്ങേപ്പക്കലേക്ക് പിന്തിരിഞ്ഞുവരുന്ന വഴിതെററിയ

ആട്ടിൻകുട്ടിയെ അന്വേഷിക്കുന്ന ദിവ്യ ഇടയാ, ധൂർത്തനായ മകനെ വാത്സല്യത്തോടെ തഴുകുന്ന നല്ല പിതാവേ, ഞങ്ങളെ കൈവിടാതെ അങ്ങയുടെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ. നന്ദിഹീനരായ ഞങ്ങൾക്കുവേണ്ടി തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണേ. നന്ദിഹീനരായ ഞങ്ങൾക്കുവണ്ടി തിരുഹൃദയം മുറിപ്പെടാൻ തിരുമനസ്സായ അങ്ങേസ്നേഹത്തേയും കരുണയേയും കുറിച്ച് പാപ ദുർഗുണങ്ങൾ നിറഞ്ഞ ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധമാക്കി അങ്ങയെ മാത്രം സ്നേഹിപ്പാനും അങ്ങേയ്ക്ക് പ്രിയമുള്ള മക്കളായിരിപ്പാനും കൃപ ചെയ്യണമേ. സ്നേഹപിതാവേ വി.സെബസ്ത്യാനോസുവഴിയായി ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥന അങ്ങ് കരുണാപൂർവ്വം സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ 1 സ്വ. 1 ന. 1 ത്രി.

## മദ്ധ്യസ്ഥപ്രാർത്ഥന

വിശുദ്ധ വേദസാക്ഷിയും തിരുസഭയുടെ അഭിമാനവും വ്യാധികളെ നീക്കിക്കളയുന്നവനുമായ വി.സെബസ്ത്യാനോസ് അങ്ങേ മദ്ധ്യസ്ഥം വഴിയായി ലഭിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ പ്രസംഗത്താലും സന്മാതൃകകളാലും അനേകം പേരെ സത്യസഭയിലേക്ക് ആനയിക്കുവാൻ തിരുമനസ്സായല്ലോ. ദൈവസന്നിധിയിൽ അങ്ങേയ്ക്കുള്ള പ്രത്യേകമായ മദ്ധ്യസ്ഥ ശക്തിയാൽ അങ്ങ് അനേകരുടെ ശാരീരികവും ആത്മീയവുമായ രോഗങ്ങളെ സൗഖ്യമാക്കാനും പ്രത്യേകമായി ഞങ്ങൾക്കിപ്പോൾ ഏററവും ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹം... ( ഇവിടെ ആവശ്യം പറയുക) സാധിച്ചുകിട്ടുന്നതിന് അങ്ങയുടെ ശരീരത്തിൽ തുളച്ചുകയറിയ അമ്പുകളുടെ യോഗ്യതയാൽ പരമകാരുണികന്റെ മുമ്പിൽ അങ്ങ് മദ്ധ്യസ്ഥം വഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. 1 സ്വർഗ്ഗ. 1 നന്മ, 1 ത്രി.

## സമൂഹ പ്രാർത്ഥന

ദൈവ സന്നിധിയിൽ ഞങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസേ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണമേ. ബലഹീനരെ ശക്തിപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. ഞങ്ങളുടെ സംരക്ഷകനും പരിപാലകനുമായ ദൈവമേ, തിരുസഭാ സംരക്ഷകനായ വിശുദ്ധ സെബസ്ത്യാനോസിന്റെ യോഗ്യതകളെ പരിഗണിച്ച് ആ വിശുദ്ധന്റെ മദ്ധ്യസ്ഥം വഴിയായി ഞങ്ങളുടെ ആവശ്യങ്ങളിൽ അങ്ങേ സഹായം ലഭിക്കുന്നതിനുള്ള കൃപ നൽകണമേ. ആമ്മേൻ.

## ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ അനുഗ്രഹിക്കണമേ
കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളമേ

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
പരിശുദ്ധാത്മാവായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
ഏകദൈവമായ പരിശുദ്ധ ത്രീത്വമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
പരിശുദ്ധ മറിയമേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഞങ്ങളുടെ പിതാവായ വിശുദ്ധ സെബസ്ത്യാനാസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
അപേക്ഷിക്കുന്നവർക്ക് എന്നും സഹായമരുളുന്ന വി. സെബസ്ത്യാനാസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
സ്വന്തം ജനനത്താൽ നർബോന എന്ന നഗരത്തെ ലോകപ്രസിദ്ധമാക്കിയ വി. സെബസ്ത്യാനോസേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
സത്യവിശ്വാസത്തെ പ്രതി പീഡയനുഭവിക്കുന്നവർക്ക് സഹായം ചെയ്യുന്നതിനായി പട്ടാള സേവനം നടത്തിയ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
അനേകം അവിശ്വാസികളെ സത്യവെളിച്ചത്തിലേക്ക് ആനയിച്ച വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
പീഡകൾ നിമിത്തം ചഞ്ചലബുദ്ധികളായവരെ യഥാർത്ഥ വിശ്വാസത്തിൽ ഉറപ്പിച്ച വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വചനത്താലും പ്രവർത്തിയാലും സന്മാതൃക നൽകിയ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
സത്യത്തെ പ്രതി പീഡകൾ സഹിക്കുന്നവർക്ക് ധൈര്യം കൊടുക്കുന്ന വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വേദസാക്ഷികളുടെ പീഡകളിലും മരണത്തിലും ബലവും സഹായവുമായിരുന്ന വി.സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഭക്തി നിറഞ്ഞ വചനങ്ങളാൽ അനേകരുടെ ഹൃദയത്തിൽ ദൈവസ്നേഹം ജ്വലിപ്പിച്ച വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വിശ്വാസികൾക്കു സഹായമായി റോമാ ചക്രവർത്തിയുടെ പടത്തലവനായി ദൈവകൃപയാൽ ഉയർത്തപ്പെട്ട വി.സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വിശുദ്ധ കുരിശിന്റെ അടയാളത്താൽ തളർവാതത്തെ നീക്കിയ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ബധിരരെ സുഖപ്പെടുത്തിയ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
അനേക വ്യാധികളെ ശമിപ്പിച്ച ആരോഗ്യം നൽകിയ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
പാളയത്തിൽ വ്യാപരിച്ചിട്ടും ബ്രഹ്മചര്യത്തിൽ വിളങ്ങിയിരുന്ന വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഈശോയോടുള്ള സ്നേഹത്തെപ്രതി ചക്രവർത്തിയുടെ സ്നേഹത്തെയും സ്ഥാനമാനങ്ങളേയും ത്യജിച്ചവനായ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
സത്യവിശ്വാസം നിമിത്തം മരണത്തിന് വിധിക്കപ്പെട്ടവനായ വി. സെബസ്ത്യാനോസേ, അനേകം അമ്പുകളാൽ എയ്യപ്പെട്ടവനായ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
അസ്ത്രങ്ങൾ ഏററതിനാൽ മരിച്ചവനെപ്പോലെ ഉപേക്ഷിക്കപ്പെട്ട വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ജീവൻ പിരിയാതെ വീണ്ടും രാജസന്നിധിയിൽ ചെന്ന് വിശ്വാസികളെ ഉപദ്രവിക്കുന്നതിൽ രാജാവിനെ ശാസിച്ച വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
രാജകൽപനയാൽ കെട്ടപ്പെട്ട കഠോരമായ അടികളാൽ മരണത്തെ കൈവരിച്ച വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഒരു പ്രഭ്വിക്കുണ്ടായ വെളിപാടിൽ പ്രകാരം മഹാപൂജ്യതയോടെ അടക്കപ്പെട്ട വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
സ്വർഗ്ഗരാജ്യത്തിൽ സർവേശ്വരനാൽ അത്യന്തമഹിമയുള്ള വേദസാക്ഷിക്കിരീടം ധരിപ്പിക്കപ്പെട്ട വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
സകല ക്രിസ്ത്യാനികൾക്കും ദയനിറഞ്ഞ പിതാവായ വി. സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോതമ്പുരാനേ
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോതമ്പുരാനേ

കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോതമ്പുരാനേ
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രാർത്ഥിക്കാം

സകലനന്മസ്വരൂപിയായിരിക്കുന്ന സർവ്വേശ്വരാ, കർത്താവേ, അങ്ങേ ദാസനായ വി. സെബസ്ത്യാനോസിന് വണക്കം ചെയ്യുന്ന അങ്ങേ മക്കളുടെ ബലഹീനതയെയും തെറ്റുകളെയും കൃപയോടെ നോക്കണമേ. ഞങ്ങളുടെ പാപങ്ങൾ മൂലം വന്നിരിക്കുന്ന കഷ്ടതകളെ നീക്കി വി. സെബസ്ത്യാനോസിന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ ഞങ്ങൾക്കു നൽകുമാറാകണമെന്ന് നിത്യമായി ജീവിച്ചു വാഴുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമാപന പ്രാർത്ഥന

നർബാനോ എന്ന നഗരത്തിൽ ജനിച്ച് വീരോചിതമായ വിശ്വസജീവിതം നയിക്കുകയും ക്രിസ്തുവിന് സാക്ഷ്യം വഹിച്ച് അനേകായിരങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച് കഠിനമായ പീഡകൾ സഹിച്ച് രക്തസാക്ഷി മുടിചൂടിയ വി. സെബസ്ത്യാനോസേ, പാപികളുടെ രോഗികളുമായ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ, സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിച്ച് മന്ദജീവിതം നയിക്കുന്ന ഞങ്ങളുടെ ഉദാസീനത ഞങ്ങൾ മനസ്സിലാക്കുന്നു. പാപസാഹചര്യങ്ങളിൽ നിന്നു പൂർണ്ണമായി വിട്ടുമാറി വിശ്വാസജീവിതം നയിക്കുന്നതിന് വേണ്ട അനുഗ്രഹം അങ്ങയുടെ പ്രാർത്ഥനവഴിയായി ഞങ്ങൾക്ക് ലഭിക്കുവാൻ ഇടയാക്കണമേ. പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും സാംക്രമികരോഗങ്ങളിൽ നിന്നും ഞങ്ങൾ രക്ഷപ്രാപിക്കുന്നതിനുള്ള അനുഗ്രഹം അങ്ങുവഴിയായി ഞങ്ങൾ ലഭിക്കുവാൻ പ്രാർത്ഥിക്കണമേ. ഞങ്ങളേയും ഞങ്ങളുടെ കുടുംബത്തെയും നാടിനെയും സാംക്രമികരോഗങ്ങളിൽ നിന്നും അങ്ങേ മദ്ധ്യസ്ഥതയാൽ കാത്തു പരിപാലിക്കണമേ. പ്രത്യേകമായി ഞങ്ങൾക്കിപ്പോൾ ഏററവും ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹങ്ങൾ.......... പരമപിതാവിൽ നിന്നും ലഭിച്ചു തന്ന് ഞങ്ങൾക്ക് സമാധാനവും സഹായവും നൽകണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ
(1 സ്വർഗ്ഗ, 1 നന്മ, 1 ത്രി.)

സമാപനഗാനം
(നിത്യവിശുദ്ധയാം...എന്ന രീതി)

സ്നേഹസ്വരൂപനാം ദൈവത്തിൻ ദാസനേ
പുണ്യാത്മ സെബസ്ത്യാനോസേ
നിൻപുണ്യ പാദം വണങ്ങുന്നു ഞങ്ങൾ
നന്ദിയോടെന്നെന്നും മോദാൽ

തിന്മക്കെതിരായി ധീരമായി പോരാടി
മന്നിതിൽ മാതൃക നൽകി
വിശ്വാസം കാക്കുവാൻ രക്തസാക്ഷിയായ്
മർത്ത്യർക്ക് മാതൃകയായി എന്നും
മർത്ത്യർക്കു മാതൃകയായി

സ്വാർത്ഥത വിട്ടെന്നും നേർവഴി കണ്ടെത്താൻ
ഞങ്ങൾക്കു നീ തുണയാകു
സ്നേഹത്തിൽ ജീവിതം നിത്യം നയിക്കുവാൻ
നൽവരമേകണേ താതാ എന്നും
നൽവരമേകണേ താതാ

റോമ്മായിലെ വിശുദ്ധ വേദസാക്ഷി എന്ന അറിയപ്പെടുന്ന വി.സെബസ്ത്യാനോസിനോടുള്ള ഭക്തി എ.ഡി. 268 മുതൽ പ്രചരിച്ചിരുന്നു. സാംക്രമിക രോഗങ്ങളിൽ നിന്നും രക്ഷ പ്രാപിക്കുന്നതിന് ലോകമെമ്പാടുമുള്ള ഭക്തർ വി.സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം തേടുന്നു. കേരളത്തിലും സാംക്രമിരോഗങ്ങളിൽനിന്നു മോചനം

ലഭിക്കുന്നതിന് വിശുദ്ധനോട് പ്രാരത്ഥിക്കുകയും കവുന്ന് ( അമ്പ്) എഴുന്നള്ളിക്കുകയും ചെയ്യുക സർവ്വസാധാരണമാണ്. പാവപ്പെട്ടവർക്ക് ആശ്രയമായി ജീവിക്കുകയും സ്തുത്യർഹമായി പട്ടാളസേവനം നിർവ്വഹിക്കുകയും ചെയ്തിരുന്നെങ്കിലും ക്രിസ്ത്യാനിയാണെന്ന ഏക കാരണത്താൽ അതി കഠിനമായ വിധതതിൽ പീഡിപ്പിച്ച അദ്ദേഹത്തെ വധിച്ചു.

വീരോചിതമായി രക്തസാക്ഷിത്വം വരിച്ച വി.സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി ധാരാളം അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഈ നൊവേന സഹായകരമാകട്ടെ.